പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 4468

21.03.2018-ലെ മറുപടിക്ക്

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനു നടപടികൾ

ചോദ്യം

ശ്രീ.കെ.സി.ജോസഫ്

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികളുടെ ആസൂത്രണം സമയബന്ധിതമായി നടപ്പിലാക്കുവാൻ സർക്കാർ തലത്തിലും ആസൂത്രണബോർഡിലും സംവിധാനങ്ങൾ ഏർപ്പെട്ടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) (ബി) | വാർഷിക പദ്ധതിയുടെ നടത്തിപ്പിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേരുകയും യോഗത്തിൽ ഓരോ വകുപ്പിന്റെയും പദ്ധതി പുരോഗതി അവലോകനം നടത്തുന്നുണ്ട്. കൂടാതെ, മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓരോ മൂന്ന് മാസത്തിലൊരിക്കൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ഈ സന്ദർഭത്തിൽ പദ്ധതിയുടെ നടത്തിപ്പ് വേളയിൽ എന്തെങ്കിലും തടസ്സങ്ങൾ അനുഭവപ്പെടുമ്പോൾ, അതു മാറ്റുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്. കൂടാതെ എല്ലാ വകുപ്പിലേയും പ്രധാനപ്പെട്ട പ്രോജക്ടുകൾ മുഖ്യമന്ത്രി പ്രത്യേകമായി അവലോകനം നടത്തി പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നുണ്ട്. ഈ അവലോകന യോഗത്തിൽ പദ്ധതികൾക്ക് താമസം കൂടാതെ ഭരണാനുമതി നേടുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശവും നൽകാറുണ്ട്. കൂടാതെ, സംസ്ഥാന ആസൂത്രണ ബോർഡിൽ വാർഷിക പദ്ധതിയുടെ ചർച്ചാവേളയിൽ പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. താഴെത്തട്ടിൽ |
| (ബി) | 2017-18 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതികൾക്ക് ഭരണാനുമതി നൽകിക്കൊണ്ട് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോയെന്നു വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ജില്ലാ കളക്ടർമാർ എല്ലാ മാസവും സംസ്ഥാന പദ്ധതി പുരോഗതി ജില്ലാ വികസന കൗൺസിൽ അവലോകനം നടത്താറുണ്ട്. |
| (സി) | അപ്രകാരം സംവിധാനമേർപ്പെടുത്തിയിട്ടും പദ്ധതി വിഹിത വിനിയോഗത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ; | (സി) | പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി ദ്രുതഗതിയിൽ നടപ്പിലാക്കി വരുന്നു. |
| (ഡി) | പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുവാനായി ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയ പദ്ധതികളെ ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | 'ഗ്രീൻ ബുക്കിൽ' ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെ ട്രഷറി നിയന്ത്രണത്തിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ പ്രസ്തുത പദ്ധതികളുടെ പുരോഗതി വെളിപ്പെടുത്തുമോ? | (ഇ) | ഗ്രീൻബുക്കിൽ ഉൾപ്പെട്ട പദ്ധതികളുടെ പ്രവർത്തന പുരോഗതി 2018 ഫെബ്രുവരി 28 വരെ 1105.53 കോടി രൂപയാണ് (72.94%). |

Priya

സെക്ഷൻ ഓഫീസർ